# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 563** **07.01.2014-ലെ മറുപടിക്ക്**

**<u>സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി സംബന്ധിച്ച്</u>**

| | ചോദ്യം<br>ശ്രീ. എം. ഹംസ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി ആശങ്കപ്പെടുത്തുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി ആശങ്കാജനകമല്ല. എന്നാൽ നികുതി വരുമാനത്തിലുണ്ടായ കുറവുമൂലം സാമ്പത്തികമായി ബുദ്ധിമുട്ടുകളുണ്ട്. |
| (ബി) | ധനകാര്യ വകുപ്പിന്റെ 2013 ആഗസ്റ്റ് മാസം 8-ാം തീയതിയിലെ ഉത്തരവിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുള്ളത്. | 05.08.2013 ലെ 382/2013/ധന നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. |
| (സി) | അഡീഷണൽ റവന്യൂ മൊബിലൈസേഷന് നൽകപ്പെട്ട നിർദ്ദേശ പ്രകാരം ഏതെല്ലാം വകുപ്പുകൾ നടപടി സ്വീകരിച്ചു ; വിശദാംശം നൽകാമോ ? | നികുതി, റവന്യൂ, വനം വകുപ്പുകളിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | നിലവിൽ നിയമന നിരോധനത്തിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | നിയമന നിരോധനത്തിന് ധനകാര്യ വകുപ്പ് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ